**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3866** **03-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ ഏതൊക്കെ പത്ര, ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 11.10.2021 തീയതിയിലെ സ.ഉ.(അച്ചടി)നം. 5/2021/ഐ&പി.ആർ.ഡി പ്രകാരമുള്ള കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (മധുര, കോയമ്പത്തൂർ/ആൾ എഡിഷൻ), കുമരിമുരശ് (നാഗർകോവിൽ എഡിഷൻ), ദിനമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വാർത്താഭാരതി (മംഗലാപുരം എഡിഷൻ), വിജയവാണി (മംഗലാപുരം എഡിഷൻ), വിജയകർണ്ണാടക (മംഗലാപുരം എഡിഷൻ), ഉദയവാണി (ഉഡുപ്പി എഡിഷൻ) എന്നീ പത്രങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഇക്കണോമിക് ടൈംസ്, ബിസിനസ് ലൈൻ, ഫിനാൻഷ്യൽ എക്സ്പ്രസ്സ് എന്നിവയുടെ ന്യൂഡൽഹി, മുംബൈ & ചെന്നൈ എഡിഷൻസ്, ഇന്ത്യൻ എക്സ്പ്രസ്സ് (ന്യൂ ഡൽഹി എഡിഷൻ & നോർത്ത് എഡിഷൻ) എന്നീ പത്രമാധ്യമങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. 2023 ജനുവരി 21 ന് എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ പതിനായിരത്തിൽപ്പരം നവസംരംഭകർ ഒരുമിച്ച സംരംഭക മഹാസംഗമം പരിപാടിയുടെ ഭാഗമായി ക്ലബ് എഫ്. എം, റെഡ് എഫ്. എം, റേഡിയോ മംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്. എം എന്നീ ശ്രവ്യ മാധ്യമങ്ങളിലൂടെ 7 ദിവസങ്ങളിലായി 20 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം നൽകിയിരുന്നു.<br><br>ദൃശ്യ മാധ്യമങ്ങളിലും, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും ടി പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യം നൽകിയിട്ടില്ല. |
| (ബി) | ഇപ്രകാരം പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി ആകെ ചെലവഴിച്ച തുക | (ബി) | പരസ്യങ്ങൾക്ക് ചെലവായ തുക പൂർണ്ണമായും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | എത്രയാണെന്നും ഓരോ പത്രത്തിലും പരസ്യം നൽകുന്നതിനായി ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ; | | കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി ക്വാർട്ടർ പേജ് ബ്ലാക്ക് & വൈറ്റ് പരസ്യം ഐ&പിആർഡി മുഖേന 27.06.2022 തീയതിയിൽ കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (മധുര, കോയമ്പത്തൂർ എഡിഷനുകളിലും) കുമരിമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വാർത്താഭാരതി (മംഗലാപുരം എഡിഷൻ), വിജയവാണി (മംഗലാപുരം എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംരംഭക മഹാസംഗമം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 2023 ജനുവരി 21-ന് അര പേജ് കളർ പരസ്യം ഐ&പി.ആർ. ഡി മുഖേന കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (ആൾ എഡിഷൻ), ദിനമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വിജയകർണ്ണാടക (മംഗലാപുരം എഡിഷൻ), ഉദയവാണി (ഉഡുപ്പി എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും ഓരോ മാധ്യമത്തിലും പരസ്യം നൽകുന്നതിനായി ചെലവഴിച്ച തുകയും ഇനം തിരിച്ച വ്യക്തമാക്കുമോ; | (സി) | സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടില്ല. |
| (ഡി) | ഇപ്രകാരം വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ പരസ്യം നൽകുന്നതിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും ഇവ ഓരോന്നിലും ചെലവഴിച്ച തുകയും ഇനം തിരിച്ച വ്യക്തമാക്കുമോ? | (ഡി) | സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പരസ്യം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ